# ജീവിതയാത്ര

Jeevitha Yatra


KRISHNAMURTI FOUNDATION INDIA MAY - AUGUST 2014 RS.2/- VOL. 9 ISSUE 3

**ജെ. കൃഷ്ണമൂർത്തിയുടെ തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണം**


## ചിന്തക്ക് നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമോ?

ചിന്ത നമ്മുടെ പ്രശ്നങ്ങൾ പരിഹരിച്ചിട്ടില്ല; അതിന് എന്നെങ്കിലും അതു സാധിക്കുമെന്നും ഞാൻ കരുതുന്നില്ല. നമ്മുടെ സങ്കീർണ്ണതകളിൽ നിന്ന് മോചനം നേടാനുള്ള വഴി കണ്ടെത്താൻ ബുദ്ധിശക്തിയെയാണ് നാം ആശ്രയിച്ചത്. ബുദ്ധിയുടെ കൗശലവും തീക്ഷ്ണതയും സൂക്ഷ്മതയും കൂടുന്നതനുസരിച്ച് അതു നിർദ്ദേശിക്കുന്ന വ്യവസ്ഥകളുടെയും സിദ്ധാന്തങ്ങളുടെയും ആശയങ്ങളുടെയും വൈവിധ്യവും വർദ്ധിക്കും. ആശയങ്ങൾ നമ്മുടെ മാനുഷികപ്രശ്നങ്ങൾ ഒന്നും പരിഹരിക്കുന്നില്ല; ഇതുവരെ അവ അങ്ങനെ ചെയ്തിട്ടില്ല; ഇനി ചെയ്യുകയുമില്ല. മനസ്സല്ല പരിഹാരം; നമ്മുടെ വിഷമസ്ഥിതിയിൽനിന്നു പുറത്തുകടക്കാനുള്ള വഴി തീർച്ചയായും ചിന്തയുടേതല്ല. എനിക്കു തോന്നുന്നത്, നാം ആദ്യമായി ചിന്തയുടെ ഈ പ്രകിയ മനസ്സിലാക്കണമെന്നാണ്; അപ്പോൾ ഒരുപക്ഷേ അതിനപ്പുറം പോകാൻ കഴിഞ്ഞേക്കും. ചിന്ത നിലയ്ക്കുമ്പോൾ ഒരുപക്ഷേ, നമുക്ക് നമ്മുടെ പ്രശ്നങ്ങൾ - വ്യക്തിപരമായവ മാത്രമല്ല സാമൂഹികമായവ കൂടി - പരിഹരിക്കാനുള്ള ഒരു വഴി കണ്ടെത്താൻ സാധിച്ചേക്കാം.

ചിന്ത നമ്മുടെ പ്രശ്നങ്ങൾ പരിഹരിച്ചിട്ടില്ല. തത്വചിന്തകന്മാർ, പണ്ഡിതന്മാർ, രാഷ്ട്രീയനേതാക്കൾ തുടങ്ങിയ സമർത്ഥന്മാർ നമ്മുടെ മാനുഷികപ്രശ്നങ്ങൾ ഒന്നും യഥാർത്ഥത്തിൽ പരിഹരിച്ചിട്ടില്ല; നിങ്ങളും മറ്റൊരാളും തമ്മിലുള്ള, നിങ്ങളും ഞാനും തമ്മിലുള്ള, പരസ്പര ബന്ധമാണ് നമ്മുടെ പ്രശ്നം. പ്രശ്നങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ഇതുവരെ നമ്മൾ മനസ്സിന്റെയും ബുദ്ധിശക്തിയുടെയും സഹായമാണ് ഉപയോഗപ്പെടുത്തിയത്. അതുവഴി പ്രശ്നങ്ങൾക്കു പരിഹാരം കാണാമെന്നു നമ്മൾ പ്രതീക്ഷിച്ചു. ചിന്തയ്ക്ക് നമ്മുടെ പ്രശ്നങ്ങൾ ഇല്ലാതാക്കാൻ കഴിയുമോ? പരീക്ഷണശാലയിലോ വരയ്ക്കുന്ന മേശപ്പുറത്തോ അല്ലെങ്കിൽ, ചിന്ത സ്വയം പരിരക്ഷിക്കുന്നതും സ്വയം ശാശ്വതീകരിക്കുന്നതും ശീലവിധേയമായതും ആയിരിക്കില്ലേ? അതിന്റെ പ്രവൃത്തി സ്വയം കേന്ദ്രീകരിച്ചതല്ലേ? അത്തരം ചിന്തയ്ക്ക് അതിന്റെതന്നെ സൃഷ്ടികളായ പ്രശ്നങ്ങളെ പരിഹരിക്കാൻ കഴിയുമോ? പ്രശ്നങ്ങളെ സൃഷ്ടിച്ച മനസ്സിന് അതുതന്നെ ഉളവാക്കിയ കാര്യങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുമോ?



ചിന്ത തീർച്ചയായും ഒരു പ്രതികരണമാണ്. ഞാൻ നിങ്ങളോട് ഒരു ചോദ്യം ചോദിച്ചാൽ നിങ്ങൾ പ്രതികരിക്കുന്നു; നിങ്ങളുടെ ഓർമ്മ, നിങ്ങളുടെ മുൻവിധികൾ, നിങ്ങൾ വളർന്നു വന്ന സാഹചര്യങ്ങൾ, കാലാവസ്ഥ, നിങ്ങൾക്ക് ലഭിച്ച ശീലവിധേയത്വത്തിന്റെ പശ്ചാത്തലം ഇവയ്ക്കെല്ലാം അനുസൃതമായിട്ടായിരിക്കും നിങ്ങൾ പ്രതികരിക്കുന്നതും മറുപടി പറയുന്നതും ചിന്തിക്കുന്നതും. ഈ പശ്ചാത്തലത്തിന്റെ കേന്ദ്രം പ്രവർത്തനപദ്ധതിയിലെ "ഞാൻ" ആണ്. ആ പശ്ചാത്തല

☞ 2

## നിങ്ങൾക്ക് ഒരു ശിരസ്സേയുള്ളൂ...

ആ സന്ധ്യാവേളയിൽ കാട്ടിലൂടെ നടക്കുമ്പോൾ അവിടെ മനസ്സിനെ ഭീക്ഷണിപ്പെടുത്തുന്ന എന്തോ ഉള്ളതായി തോന്നി. സൂര്യൻ അസ്തമിക്കുന്നതേയുള്ളു. സ്വർണ്ണവർണ്ണമാർന്ന പശ്ചിമാകാശത്തിനെതിരെ പനകൾ ഏകാകികളായി നിന്നു. പേരാൽമരത്തിലിരുന്ന കുരങ്ങന്മാർ രാത്രിക്കായി തയ്യാറെടുക്കുകയായിരുന്നു. ആ വഴി ആരും തന്നെ നടക്കുന്നതായിരുന്നില്ല. മറ്റൊരു മനുഷ്യജീവിയെ അപൂർവ്വമായേ കണ്ടുമുട്ടിയുള്ളൂ. നാണംകുണുങ്ങികളായ അനേകം മാനുകൾ മുറ്റി വളർന്നു നിൽക്കുന്ന കുറ്റിക്കാടുകളിലേക്ക് ഓടിയൊളിക്കുന്നുണ്ടായിരുന്നു. എന്നിട്ടും തീവ്രമായി ആ ഭയാനകസാമീപ്യം വ്യാപിച്ചുനിന്നു. അതു നിങ്ങളുടെ ചുറ്റിലുമുണ്ടായിരുന്നു. നിങ്ങൾ തിരിഞ്ഞുനോക്കി. അപകടകാരികളായ മൃഗങ്ങളൊന്നും അവിടെയുണ്ടായിരുന്നില്ല. അവയെല്ലാം അവിടെനിന്ന് ദൂരേക്കു മാറിപോയിരുന്നു. വ്യാപിച്ചുകിടന്നിരുന്ന പട്ടണത്തോടു വളരെയടുത്തായിരുന്നു അവിടം. അവിടെനിന്നു മടങ്ങാനും പട്ടണത്തിലെ വിളക്കുകൾ തെളിഞ്ഞുനില്ക്കുന്ന തെരുവുകളിലൂടെ തിരിച്ചുനടക്കുന്നതും സന്തോഷകരമായിരുന്നു. എന്നാൽ അടുത്ത സന്ധ്യാവേളയിൽ കുരങ്ങന്മാർ അവിടെത്തന്നെ ഉണ്ടായിരുന്നു. മാനുകളും പഴയതുപോലെ ഉണ്ടായിരുന്നു. ഉയരം കൂടിയ മരങ്ങൾക്കു തൊട്ടുപിന്നിൽതന്നെ സൂര്യൻ നിന്നിരുന്നു. ആ ദുഷ്ടസാമീപ്യം അപ്രത്യക്ഷമായിരുന്നു. തലേന്നത്തേതിനു വിപരീതമായി മരങ്ങളും കുറ്റിച്ചെടികളും ചെറുസസ്യങ്ങളുമെല്ലാം നിങ്ങളെ സ്വാഗതം ചെയ്തു. നിങ്ങൾ നിങ്ങളുടെ സുഹൃത്തുക്കൾക്കിടയിലാണ്. നിങ്ങൾക്ക് സമ്പൂർണ്ണമായ സുരക്ഷിതത്വം അനുഭവപ്പെട്ടു. ഹൃദ്യമായി സ്വാഗതം നല്കപ്പെട്ടു. കാട് നിങ്ങളെ സ്വീകരിച്ചു. പിന്നെ

☞ 3

# ചിന്തക്ക് നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമോ?

ത്തെയും ആ ചിന്താഗതിയെയും പ്രശ്നങ്ങളെ സൃഷ്ടിക്കുന്ന ആ സ്വത്വത്തെയും മനസ്സിലാക്കി അവയ്ക്ക് അറുതി വരുത്തിയില്ലെങ്കിൽ, ബാഹ്യമായും ആന്തരികമായും ചിന്തയിലും വികാരത്തിലും പ്രവർത്തനത്തിലും സംഘർഷമുണ്ടാവുകതന്നെ ചെയ്യും. ഒരുതരത്തിലുള്ള പ്രതിവിധിയും, അത് എത്രതന്നെ സൂചിന്തിതമാകട്ടെ, എത്രതന്നെ സമർത്ഥമാകട്ടെ, മനുഷ്യനും മനുഷ്യനും തമ്മിലുള്ള, നിങ്ങളും ഞാനും തമ്മിലുള്ള സംഘർഷത്തിന് അറുതിവരുത്താൻ ഒരിക്കലും സാധിക്കുകയില്ല. ഇതു മനസ്സിലാക്കുമ്പോൾ, ചിന്ത എവിടെനിന്ന് ഏങ്ങനെ ഉറവെടുക്കുന്നു എന്നു അറിയുന്നതുകൊണ്ട് നാം ചോദിക്കുന്നു: "ചിന്തയ്ക്ക് എപ്പോഴെങ്കിലും അവസാനമുണ്ടാകുമോ?"

പ്രശ്നങ്ങളിൽ ഒന്ന് അതാണ്; അല്ലേ? ചിന്തയ്ക്ക് നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമോ? പ്രശ്നത്തെക്കുറിച്ച് നിങ്ങൾ ചിന്തിച്ചത്കൊണ്ട് അതിനെ പരിഹരിച്ചിട്ടുണ്ടോ? ഏതെങ്കിലും തരത്തിൽപ്പെട്ട ഒരു പ്രശ്നം, അതു സാമ്പത്തികമോ സാമൂഹികമോ മതപരമോ ആകട്ടേ, എന്നെങ്കിലും ചിന്തകൊണ്ടു യഥാർത്ഥത്തിൽ പരിഹൃതമായിട്ടുണ്ടോ? ദൈനംദിന ജിവിതത്തിൽ നിങ്ങൾ ഒരു പ്രശ്നത്തെപ്പറ്റി കൂടുതൽ ചിന്തിക്കുന്തോറും അതു കൂടുതൽ സങ്കീർണ്ണവും അനിശ്ചിതവും സന്നിഗ്ദ്ധവുമായിത്തീരുന്നു. നിത്യേനയുള്ള നമ്മുടെ യഥാർത്ഥ ജീവിതത്തിൽ ഇതല്ലേ നടക്കുന്നത്? പ്രശ്നത്തിന്റെ ചില വശങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ നിങ്ങൾക്ക് അന്യന്റെ വീക്ഷണം കൂടുതൽ വ്യക്തമായെന്നു വരാം; പക്ഷേ ചിന്തയ്ക്ക് പ്രശ്നത്തിന്റെ പൂർണ്ണതയും സമഗ്രതയും കാണാൻ കഴിയില്ല; ഭാഗികമായി മാത്രമേ കാണാൻ കഴിയൂ. ഭാഗികമായ ഉത്തരം പൂർണ്ണമായ ഉത്തരമല്ല; അതിനാൽ അതു ഒരു പരിഹാരവുമല്ല.

ഒരു പ്രശ്നത്തെക്കുറിച്ച് നാം എത്രയധികം ചിന്തിക്കുകയും അന്വേഷിക്കുകയും പരിശോധിക്കുകയും ചർച്ചനടത്തുകയും ചെയ്യുന്നുവോ അത്രയധികം അതിന്റെ സങ്കീർണ്ണത വർദ്ധിക്കും. അതിനാൽ ഒരു പ്രശ്നത്തെ നമുക്ക് സമഗ്രമായി, പൂർണ്ണമായി നിരീക്ഷിക്കുവാൻ കഴിയുമോ; എങ്ങനെയാണ് ഇതു ചെയ്യാൻ സാധിക്കുക? നമ്മുടെ പ്രധാനബുദ്ധിമുട്ട് അതാണെന്ന് എനിക്ക് തോന്നുന്നു. നമ്മുടെ പ്രശ്നങ്ങൾ പെരുകുകയാണ് - യുദ്ധം ആസന്നമാണെന്ന ഭീഷണിയുണ്ട്; നമ്മുടെ ബന്ധങ്ങളിൽ എല്ലാവിധത്തിലുള്ള ശല്യങ്ങളുമുണ്ട്. ഇതെല്ലാം ഏങ്ങനെയാണ് നമുക്ക് സമഗ്രമായും പൂർണ്ണമായും മനസ്സിലാക്കാൻ കഴിയുക? ഭാഗം ഭാഗമായല്ല, വിഭക്തമായല്ല, എന്നാൽ സമഗ്രമായി കാണുമ്പോഴേ അതിനെ പരിഹരിക്കാൻ കഴിയൂ. എപ്പോഴാണ് അത് സാധ്യമാകുന്നത്? "എന്നി"ൽ നിന്ന്, സ്വത്വത്തിൽനിന്ന്, പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽനിന്ന്, ശീലവിധേയത്വത്തിൽനിന്ന്, മുൻവിധികളിൽനിന്ന് ആശകളിൽനിന്ന്, നിരാശകളിൽനിന്ന് ഉറവെടുക്കുന്ന ചിന്തയുടെ പ്രവർത്തനം നിലച്ചാലേ അതു സാധ്യമാകു. അപഗ്രഥിക്കാതെ ഉള്ളപടി കണ്ടുകൊണ്ട്. ഒരു സിദ്ധാന്തമെന്ന നിലയ്ക്കല്ലാതെ ഒരു വസ്തുതയാണെന്ന അവബോധം പാലിച്ചുകൊണ്ട്, നമുക്ക് സ്വത്വത്തെ അറിയാൻ കഴിയുമോ? ഒരു ഫലം കൈവരിക്കാൻ വേണ്ടി സ്വത്വത്തെ ഇല്ലാതാക്കാൻ ശ്രമിക്കാതെ, നിരന്തരം കർമ്മനിരതമായിരിക്കുന്ന "എന്റെ", സ്വത്വത്തിന്റെ പ്രവർത്തനം നിരീക്ഷിച്ചുകൊണ്ട് ഇതു ചെയ്യാൻ കഴിയുമോ? നശിപ്പിക്കാനോ പ്രോത്സാഹിപ്പിക്കാനോ ഉള്ള ഏതു ചലനവും ഇല്ലാതെ നമുക്ക് അതിനെ നിരീക്ഷിക്കാൻ കഴിയുമോ? അതല്ലേ പ്രശ്നം? അധികാരം, പദവി, ആധിപത്യം, നൈരന്തര്യം, സ്വസംരക്ഷണം തുടങ്ങിയവയ്ക്കു വേണ്ടിയുള്ള ആഗ്രഹത്തോടുകൂടിയ ''ഞാൻ''എന്ന കേന്ദ്രം നമ്മിൽ ഓരോ വ്യക്തിയിലും ഇല്ലാതായാൽ തീർച്ചയായും നമ്മുടെ പ്രശ്നങ്ങൾ അവസാനിക്കും.

ചിന്തയ്ക്ക് പരിഹരിക്കാൻ കഴിയാത്ത ഒന്നാണ് സ്വത്വത്തിന്റെ പ്രശ്നം. ചിന്തയുടേതല്ലാത്ത ഒരു അവബോധം ഉണ്ടാകണം. നിരാകരിക്കാനോ ന്യായീകരിക്കാനോ മുതിരാതെ സ്വത്വത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം ഉണ്ടായാൽ മാത്രം മതി. പ്രശ്നത്തിന് പരിഹാരം കാണാനോ, അതിന് പരിവർത്തനം വരുത്താനോ ഒരു ഫലം കൈവരിക്കാനോ വേണ്ടിയാണ് നിങ്ങൾ അവബോധം പാലിച്ചതെങ്കിൽ അതു സ്വത്വത്തിന്റെ, "എന്റെ" പരിധിക്കുള്ളിൽത്തന്നെയായിരിക്കും. അപഗ്രഥനത്തിലൂടെയോ അവബോധത്തിലൂടെയോ ഓരോ ചിന്തയെയും നിരന്തരം പരിശോധിച്ചു കൊണ്ടിരിക്കുന്നതിലൂടെയോ ഒരു ഫലം കൈവരിക്കാനാണ് നമ്മുടെ ശ്രമമെങ്കിൽ, നമ്മുടെ നില ചിന്തയുടെ മണ്ഡലത്തിൽത്തന്നെ ആയിരിക്കും. അതാകട്ടെ, അഹംബോധത്തന്റെ, "എന്റെ" മണ്ഡലത്തിലാണുതാനും.

മനസ്സിന്റെ പ്രവർത്തനമുള്ളേടത്തോളം കാലം സ്നേഹം തീർച്ചയായും നിലകൊള്ളുകയില്ല. സ്നേഹമുള്ളേടത്ത് സാമൂഹികപ്രശ്നങ്ങൾ ഉണ്ടാവില്ല. പക്ഷേ, നേടിയെടുക്കാവുന്ന ഒന്നല്ല സ്നേഹം. ഒരു പുതിയ ചിന്തസരണിയെപ്പോലെ, മനസ്സിന് അതിനെ കൈക്കലാക്കാൻ ശ്രമിക്കാം. പക്ഷേ, ചിന്ത സ്നേഹം ആർജിക്കാൻ ശ്രമിക്കുന്നേടത്തോളം കാലം, മനസ്സ് സ്നേഹാവസ്ഥയിൽ നിലകൊള്ളുകയില്ല. ദുരാഗ്രഹമില്ലാത്ത ഒരു സ്ഥിതി നേടാൻ ശ്രമിക്കുമ്പോഴും മനസ്സ് ദുരാഗ്രഹമുള്ളതായിരിക്കും, ഇല്ലേ? ആഗ്രഹിക്കുകയും കൊതിക്കുകയും ശ്രമിക്കുകയും ചെയ്യുമ്പോൾ അത് ആ അവസ്ഥ നിഷേധിക്കുകയാണ് ചെയ്യുന്നത്, അല്ലേ?

സങ്കീർണ്ണമായ ഈ ജീവിതപ്രശ്നത്തെക്കുറിച്ച് മനസ്സിലാക്കുമ്പോൾ, നമ്മുടെ സ്വന്തം ചിന്താപ്രക്രിയയെക്കുറിച്ച് അവബോധം ഉണ്ടാവുകയും അതു നമ്മെ എങ്ങും എത്തിക്കുകയില്ലെന്ന് പൂർണ്ണ ബോധ്യം വരികയും ചെയ്യുമ്പോൾ, വ്യക്തിപരമോ സമഷ്ടിപരമോ അല്ലാത്ത ഒരു ധീഷണാവസ്ഥ ഉളവാകും. അപ്പോൾ വ്യക്തിയും സമുദായവുമായുള്ള, വ്യക്തിയും ഗോത്രവുമായുള്ള, വ്യക്തിയും യാഥാർത്ഥ്യവുമായുള്ള ബന്ധത്തിന്റെ പ്രശ്നം അവസാനിക്കും. കാരണം, അപ്പോൾ അവിടെ, വ്യക്തിപരമെന്നോ വ്യക്തിപരമല്ലാത്തതെന്നോ വിശേഷിപ്പിക്കാൻ വയ്യാതെ ധീഷണ മാത്രമേ ഉണ്ടായിരിക്കൂ. ഈ ധീഷണയ്ക്ക് മാത്രമേ, നമ്മുടെ വമ്പിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയൂ എന്നാണ് ഞാൻ കരുതുന്നുത്. അത് ഒരു പരിണിതഫലമല്ലാ; ബോധതലത്തിൽ മാത്രമല്ല, ബോധമണ്ഡലത്തിന്റെ നി ഗൂഢവും അഗാധവുമായ തലങ്ങളിലും നടക്കുന്ന ചിന്തയുടെ എല്ലാവിധ പ്രവർത്തനങ്ങളെയും മനസ്സിലാക്കിക്കഴിയുമ്പോൾ മാത്രമേ അതു ഉളവാകൂ.

ഈ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിന് മനസ്സ് അത്യധികം പ്രശാന്തവും നിശ്ചലവുമായിരിക്കണം; എങ്കിലേ, ആശയങ്ങളും സിദ്ധാന്തങ്ങളും ഉന്നയിക്കാതെ വ്യതിചലനം ഇല്ലാതെ പ്രശ്നത്തെ വീക്ഷിക്കാൻ മനസ്സിന് കഴിയൂ. നമ്മുടെ ബുദ്ധിമുട്ടുകളിൽ ഒന്ന് അതാണ് – ചിന്ത വ്യതിചലനമായിത്തീർന്നിരിക്കുന്നു. ഒരു വസ്തുവിനെ നോക്കുകയും മന

സ്സിലാക്കുകയും ചെയ്യണമെങ്കിൽ ഞാൻ അതിനെക്കുറിച്ച് ചിന്തിക്കണമെന്നില്ല – അതിനെ നോക്കിയാൽ മതി. ഞാൻ അതെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങുമ്പോൾ, അതെക്കുറിച്ച് ആശയങ്ങളും അഭിപ്രായങ്ങളും ആവിഷ്കരിക്കാൻ തുടങ്ങുമ്പോൾ, ഞാൻ വ്യതിചലനാവസ്ഥയിൽ ആകുന്നു. ഞാൻ മനസ്സിലാക്കാൻ വേണ്ട വസ്തുവിൽ നിന്ന് എന്റെ നോട്ടം തെറ്റുന്നു. ഒരു പ്രശ്നത്തെ നേരിടുമ്പോൾ ചിന്ത വ്യതിചലനമായി മാറുന്നു – ചിന്ത എന്നത് ഒരു ആശയമാണ്, അഭിപ്രായമാണ്, വിധി നിർണയമാണ്, താരതമ്യപ്പെടുത്തലാണ്. അങ്ങനെ ചിന്ത, പ്രശ്നത്തെ നിരീക്ഷിച്ച്, മനസ്സിലാക്കി, പരിഹാരം കണ്ടെത്താൻ നമുക്ക് തടസ്സമായിത്തീരുന്നു. നിർഭാഗ്യമെന്നു പറയട്ടെ നമ്മിൽ മിക്കവർക്കും ചിന്ത വളരെ പ്രധാനമായിത്തീർന്നിരിക്കുന്നു.

"ചിന്തിക്കാതെ എങ്ങനെയാണ് ജീവിക്കുക? ശൂന്യമായ മനസ്സുമായി എങ്ങനെയൊണു കഴിയുക?" എന്നാണ് നിങ്ങൾ ചോദിക്കുന്നത്. ശൂന്യമായ മനസ്സ്, ബുദ്ധിമാന്ദ്യമെന്നോ വിഡ്ഢിത്തമെന്നോ മറ്റോ വിശേഷിപ്പിക്കാവുന്ന ഒരു അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. സ്വാഭാവികമായും നിങ്ങൾ അതു നിരസിക്കുന്നു. പക്ഷേ, അത്യധികം ശാന്തമായ, സ്വന്തം ചിന്തയാൽ വ്യതിചലിപ്പിക്കപ്പെടാത്ത, തുറന്ന മനസ്സിന് പ്രശ്നത്തെ നേരിട്ട് ഋജുവായ നിലയിൽ സരളമായി വീക്ഷിക്കാൻ കഴിയും. വ്യതിചലനം വരാതെ, നമ്മുടെ പ്രശ്നങ്ങളെ വീക്ഷിക്കുവാനുള്ള കഴിവ് – അതു മാത്രമാണ് പോംവഴി. അതിന് അചഞ്ചലവും പ്രശാന്തവുമായ ഒരു മനസ്സ് ആവശ്യമാണ്.

പരിശീലനത്തിന്റെയോ ധ്യാനത്തിന്റെയോ നിയന്ത്രണത്തിന്റെയോ ഫലമായി ലഭിക്കുന്നതല്ല അത്തരം മനസ്സ്. അച്ചടക്കത്തിലൂടെയോ നിർബന്ധത്തിലൂടെയോ ശുദ്ധീകരണത്തിലൂടെയോ കൈവരുന്നതല്ല അത്; "എന്റെ"യോ ചിന്തയുടെയോ പ്രയത്നം കൊണ്ടു കിട്ടുന്നതുമല്ല അത്. ചിന്തയുടെ മുഴുവൻ പ്രക്രിയയെയും ഞാൻ മനസ്സിലാക്കിക്കഴിയുമ്പോൾ, വ്യതിചലനം ഇല്ലാതെ എനിക്ക് ഒരു വസ്തുവിനെനിരീക്ഷിക്കാൻ കഴിയുമ്പോൾ അതു കൈവരുന്നു. ശരിക്കും അചഞ്ചലമായ ഒരു മനസ്സിന്റെ പ്രശാന്താവസ്ഥയിൽ സ്നേഹം നിലകൊള്ളുന്നു; സ്നേഹത്തിന് മാത്രമേ നമ്മുടെ മാനുഷികപ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൂ.

*(ദി ഫസ്റ്റ് ആന്റ് ലാസ്റ്റ് ഫ്രീഡം എന്ന പുസ്തകത്തിൽ നിന്ന്)* ■

## കൃഷ്ണമൂർത്തിയുടെ പുസ്തകങ്ങൾ മലയാളത്തിൽ

| | |
|---|---|
| അറിഞ്ഞതിൽനിന്നുള്ള മോചനം (Freedom from the known) | Rs.70/- |
| ചിന്താപടലം (The Network of Thought) | Rs.60/- |
| ധ്യാനങ്ങൾ (Meditations) | Rs.95/- |
| ഡയറിക്കുറിപ്പുകൾ (Krishnamurti's Journal) | Rs.85/- |
| വിദ്യാഭ്യാസവും ജീവിതത്തിന്റെ പൊരുളും (Education and the Significance of Life) | Rs.00/- |
| കൃഷ്ണമൂർത്തിയെ പരിചയപ്പെടുക (Krishnamurti for Beginners) | Rs.120/- |
| മുമ്പിലുള്ള ജീവിതം (Life Ahead) | Rs.125/- |
| സ്വീയജ്ഞാനം (On Self knowledge) | Rs. 00/- |
| സംഭാഷണങ്ങൾ (Conversations) | Rs. 50/- |
| ഹിംസക്കതീതം (Beyond Violence) | Rs.115/- |

ഇംഗ്ലീഷ് പുസ്തകങ്ങളുടെ "കാറ്റലോഗ്" വേണമെങ്കിൽ എഴുതുക

Krishnamurti Foundation India
Vasanta Vihar, 124, Greenways Road,
Chennai - 600 028. E-mail : publications@kfionline.org

ഒന്നാം പേജിൽനിന്ന് തുടർച്ച

# നിങ്ങൾക്ക് ഒരു ശിരസ്സേയുള്ളൂ...

ഓരോ അസ്തമയവേളയിലും ആ വഴി നടക്കുന്നതു തികച്ചും സന്തോഷപ്രദമായിരുന്നു.

വനങ്ങൾ വ്യത്യസ്തമാണ്. ഭൗതികമായി ഭയപ്പെടേണ്ട പലതും അവിടെയുണ്ട്. പാമ്പുകൾ മാത്രമല്ല, കടുവകളും അവിടെയുണ്ടെന്ന് അറിയപ്പെട്ടിരുന്നു. ഒരു സായാഹ്നത്തിൽ ആ വഴി നടക്കുമ്പോൾ അപൂർവ്വമായ ഒരു നിശ്ശബ്ദത പെട്ടെന്ന് അവിടെ ഉളവായി. പക്ഷികൾ ചിലയ്ക്കൽ നിറുത്തി. കുറുങ്ങന്മാർ കേവലം നിശ്ചലരായി. എല്ലാം ശ്വാസമടക്കി നിൽക്കുന്നതു പോലെ കാണപ്പെട്ടു. നിങ്ങൾ നിശ്ചലനായി നിന്നു. വീണ്ടും പെട്ടെന്നുതന്നെ എല്ലാറ്റിനും ജീവൻവച്ചു. കുരങ്ങന്മാർ കളിക്കാനും പരസ്പരം കളിയാക്കാനും തുടങ്ങി. പക്ഷികൾ അവയുടെ സന്ധ്യാഗാനങ്ങൾ തുടങ്ങി. അപകടം കടന്നു പോയെന്ന് ബോധ്യമായി.

മനുഷ്യർ, മുയലിനെയും കാട്ടുകോഴികളെയും അണ്ണാമ്മാരെയും ഒക്കെ കൊല്ലാറുള്ള കാടുകളിലും ഉപവനങ്ങളിലും ഉള്ളതു തികച്ചും വ്യത്യസ്തമായ അന്തരീക്ഷമാണ്. തന്റെ തോക്കും പ്രത്യേക സ്വഭാവമുള്ള ഹിംസയുമായി മനുഷ്യൻ കഴിയുന്ന ഒരു ലോകത്തിലേക്കാണ് നിങ്ങൾ കടന്നു വരുന്നത്. ആ കാടുകൾക്ക് അവയുടെ മൃദുലതയും സ്വാഗതഭാവും അപ്പോൾ നഷ്ടമാവുന്നു. അവിടെ ഏതോ ചില സൗന്ദര്യഭാവങ്ങൾ, സന്തോഷത്തിന്റെ ആമന്ത്രണങ്ങൾ നഷ്ടമായിപ്പോയി.

നിങ്ങൾക്ക് ഒരു ശിരസ്സേയുള്ളൂ. അതൊരു വിസ്മയകരമായ കാര്യമാകയാൽത്തന്നെ നിങ്ങളതു കാത്തുസൂക്ഷിക്കേണ്ടിയിരിക്കുന്നു. യാതൊരു യന്ത്രവും ഇലക്ട്രോണിക് കമ്പ്യൂട്ടറും അതുമായി തുലനം ചെയ്യാനാവുന്നതല്ല. അത് അത്രമാത്രം അപരിമിതമാണ്, സങ്കീർണ്ണമാണ്, സമ്പൂർണ്ണമായും കാര്യക്ഷമവും സൂക്ഷ്മവും സൃഷ്ടിപരവുമാണ്. അതാണ് അനുഭവത്തിന്റെയും അറിവിന്റെയും സ്മരണകളുടെയും സംഭരണി. എല്ലാ ചിന്തകളും അതിൽനിന്നുയരുന്നതാണ്. അതു സംയോജിപ്പിക്കുന്നതു തികച്ചും അവിശ്വസനീയമായ കാര്യങ്ങളാണ്: തിന്മകൾ, കുഴപ്പങ്ങൾ, ദുഃഖങ്ങൾ, യുദ്ധങ്ങൾ, അഴിമതികൾ, മിഥ്യകൾ, ആദർശങ്ങൾ, വേദനയും കഷ്ടപ്പാടും; വലിയ കത്തീഡ്രലുകൾ, സുന്ദരമായ മോസ്കുകൾ, വിശുദ്ധക്ഷേത്രങ്ങൾ. അതു ചെയ്തിട്ടുള്ളതും അതിനു ചെയ്യാൻ കഴിയുന്നവയുമായതെന്തും വിചിത്രതരമാണ്. എന്നാൽ ഒരു കാര്യം അതിനു പ്രത്യക്ഷത്തിൽ ചെയ്യാൻ കഴി

# നിങ്ങൾക്ക് ഒരു ശിരസ്സേയുള്ളൂ...

യില്ല-മറ്റൊരു ശിരസ്സുസമായി, മറ്റൊരു മനുഷ്യനുമായി, അതിനുള്ള ബന്ധത്തിന്റെ സ്വഭാവം സമ്പൂർണ്ണമായി മാറ്റുക എന്നത്. അതിന്റെ പെരുമാറ്റരീതി മാറ്റാൻ ശിക്ഷകൾക്കോ പാരിതോഷികങ്ങൾക്കോ ഒന്നും സാദ്ധ്യമല്ല. അറിവിന് അതിന്റെ സ്വഭാവത്തിൽ രൂപാന്തരമുണ്ടാക്കാൻ കഴിയുമെന്നു തോന്നുന്നില്ല. "ഞാൻ", "നീ" എന്നീ ഭാവങ്ങൾ നിലനിൽക്കുന്നു. അത് ഒരിക്കലും "ഞാൻ" തന്നെയാണ് "നീ" എന്ന്, നിരീക്ഷകൻ തന്നെ (observer) യാണ് നിരീക്ഷിതം (observed) എന്നു ഗ്രഹിക്കുന്നില്ല. അതിന്റെ സ്നേഹം അതിന്റെ അധഃപതനമാണ്, അതിന്റെ സുഖാനുഭവം അതിന്റെ യാതനയാണ്. അതിന്റെ സ്വാതന്ത്ര്യം അതിന്റെതന്നെ തടവറയാണ്. ആ തടവറയിൽ ജീവിക്കാനാണ്, അതു കൂടുതൽ സുഖപ്രദവും ആശ്വാസകരവും ആക്കുന്നതിനുവേണ്ടിമാത്രമാണ് അതിനെപഠിപ്പിച്ചിട്ടുള്ളത്. നിങ്ങൾക്ക് ഒരു ശിരസ്സേയുള്ളൂ. അതു സംരക്ഷിക്കുക; അതിനെ നശിപ്പിക്കാതിരിക്കുക. അതിനെ ദുഷിപ്പിക്കാൻ വളരെ എളുപ്പമാണ്.

തനിക്കും മരങ്ങൾക്കും പുഴകൾക്കും മലകൾക്കും ഇടയിൽ അകലമുണ്ടെന്നുള്ള ഭാവത്തിന്റെ വിചിത്രമായ അഭാവം എല്ലായ്പോഴും ഉണ്ടായിരുന്നു. അത് വളർത്തിയെടുത്തതൊന്നുമല്ല. അതുപോലൊരു കാര്യം നിങ്ങൾക്കു വളർത്തിയെടുക്കാനൊന്നും ആവില്ല. അയാൾക്കും മറ്റുള്ളവർക്കുമിടയിൽ ഒരിക്കലും ഒരു മതിലുണ്ടായിരുന്നില്ല. അവർ ചെയ്യുന്നതൊന്നും, അവർ പറയുന്നതൊന്നും അയാളെ വേദനിപ്പിക്കുന്നതായി കാണപ്പെട്ടില്ല; മുഖസ്തുതികളൊന്നും അയാളെ സ്പർശിച്ചുമില്ല. ഒരുവിധത്തിൽ പറഞ്ഞാൽ ആകെക്കൂടി അയാൾ സ്പർശനാതീതനായിരുന്നു. അയാൾ ഉൾവലിഞ്ഞവനോ, ഒഴിഞ്ഞുമാറി നിൽക്കുന്നവനോ ആയിരുന്നില്ല; മറിച്ച്, നദിയിലെ ജലംപോലെ ഒഴുകുന്നവനായിരുന്നു. അയാൾക്ക് വളരെക്കുറച്ചു ചിന്തകളേയുണ്ടായിരുന്നുള്ളൂ. ഏകനായിരിക്കുമ്പോഴാകട്ടെ തികച്ചും ചിന്താരഹിതനാണെന്നുതന്നെ പറയാം. സംസാരിക്കുകയോ എഴുതുകയോ ചെയ്യുമ്പോൾ അയാളുടെ മസ്തിഷ്കം കർമോന്മുഖമാണ്. എന്നാൽ മറ്റെല്ലായ്പ്പോഴും അതു ശാന്തവും നിശ്ചലമായി പ്രവർത്തിക്കുന്നതും ആയിരുന്നു. ചലനം കാലമാണ്. കർമ്മം അങ്ങനെയല്ല.

ഈ വിചിത്രമായ കർമ്മം, ദിശാബോധമില്ലാതെ ഉറക്കത്തിലും ഉണർവിലും ഒരേപോലെ തുടർന്നുകൊണ്ടിരിക്കുന്നതായി കാണപ്പെടുന്നു. ആ ധ്യാനകർമ്മത്തോടൊപ്പം പലപ്പോഴും അയാൾ ഉണരാറുണ്ട്, ഇതുപോലെയുള്ള ചിലത് മിക്കപ്പോഴും തുടർന്നുകൊണ്ടേയിരിക്കും. അയാൾ ഒരിക്കലും അതിനെ തിരസ്കരിച്ചിട്ടില്ല, ക്ഷണിച്ചിട്ടുമില്ല. കഴിഞ്ഞ രാത്രിയിൽ പൂർണബോധമുള്ളവനായി അയാൾ ഉണർന്നു. ഒരു തീഗോളംപോലെ, പ്രകാശംപോലെ, എന്തോ ഒന്ന് തന്റെ ശിരസ്സിൽ അതിന്റെ കേന്ദ്രത്തിൽത്തന്നെ വച്ചതായി അയാൾക്കു ബോധ്യപ്പെട്ടു. കുറെയേറെനേരം അതിനെ വസ്തുനിഷ്ഠമായി, അതു മറ്റാർക്കോ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നപോലെ അയാൾ നിരീക്ഷിച്ചുകൊണ്ടിരുന്നു. അതൊരു മായാദർശനം മനസ്സിന്റെ സങ്കല്പം ആയിരുന്നില്ല.

പ്രഭാതം പുലരുകയായിരുന്നു. തുറന്നുകിടന്ന ജനാലവിരികൾക്കിടയിലൂടെ അയാൾക്ക് മരങ്ങൾ കാണാൻ കഴിഞ്ഞിരുന്നു.

*ഡയറിക്കുറിപ്പ് - 17 സെപ്തംബർ 1973* ■

# മനുഷ്യരിങ്ങനെ വഴിതെറ്റിപ്പോകുന്നത് എന്തുകൊണ്ടാണ്?

അത് ഇപ്പോഴും ഏറ്റവും മനോഹരമായ താഴ്‌വരകളിലൊന്നാണ്, പൂർണമായും കുന്നുകളാൽ വലയം ചെയ്യപ്പെട്ടതും ഓറഞ്ചുതോട്ടങ്ങൾ നിറഞ്ഞതുമാണ്. വളരെ വർഷങ്ങൾക്കു മുമ്പ് ആ വൃക്ഷങ്ങൾക്കും പഴത്തോട്ടങ്ങൾക്കുമിടയിൽ വളരെ കുറച്ചു വീടുകളേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ വളരെയധികമുണ്ട്. റോഡുകൾക്ക് വീതി കൂടിയിട്ടുണ്ട്, കൂടുതൽ ഗതാഗതമുണ്ട്, കൂടുതൽ ശബ്ദശല്യമുണ്ട് - വിശേഷിച്ചും താഴ്‌വരയുടെ പടിഞ്ഞാറെ അറ്റത്ത്. എന്നാൽ കുന്നുകളും ഉന്നതശൃംഗങ്ങളും അന്നത്തെപ്പോലെതന്നെ മനുഷ്യസ്പർശമേൽക്കാതെ അവശേഷിക്കുന്നു. ആ വലിയ പർവ്വതങ്ങളിലേക്കു നയിക്കുന്ന ധാരാളം ഊടുവഴികളുണ്ട്. അയാൾ അതുവഴി എത്രയോ തവണ സഞ്ചരിച്ചിട്ടുണ്ട്. അയാൾ കരടികളെയും കിലുകിലുപാമ്പുകളെയും (rattle snakes) മാനുകളെയും ഒരിക്കൽ ഒരു കാട്ടുപൂച്ചയെയും അതുവഴി സഞ്ചരിക്കുമ്പോൾ കണ്ടിട്ടുണ്ട്. ആ ഇടുങ്ങിയ കാട്ടുപാതയുടെ താഴ്ഭാഗത്ത് മുമ്പിലായി പാറകളിലും പൊക്കം കുറഞ്ഞ വൃക്ഷശിഖരങ്ങളിലും തന്റെ ദേഹമുരുമ്മിക്കൊണ്ടും കുറുകുറുത്തുകൊണ്ടും ആയിരുന്നു ആ കാട്ടുപൂച്ചയുടെ പോക്ക്. ഇളംകാറ്റ് മലയിടുക്കിലൂടെ വീശിയിരുന്നു. അതുകൊണ്ട് ആ പൂച്ചയുടെ വളരെ അടുത്തെത്താൻ അയാൾക്കു കഴിഞ്ഞു. പൂച്ച തന്റെ ലോകം ആസ്വദിച്ചുകൊണ്ട്, സ്വയം രമിച്ചുകൊണ്ടു കഴിയുകയായിരുന്നു. അവന്റെ കുറുകിയ വാൽ ഉയർന്നു നിന്നിരുന്നു, കൂർത്ത ചെവികൾ മുമ്പോട്ടു നീണ്ടുനിന്നിരുന്നു. തവിട്ടുനിറമുള്ള രോമങ്ങൾ തിളങ്ങുന്നതും വൃത്തിയുള്ളതുമായിരുന്നു. ഏതാണ്ട് ഇരുപത് അടി അകലെ, പിന്നിൽ ഒരുവനുണ്ടെന്നതിനെപ്പറ്റി ഒട്ടുംതന്നെ അവൻ അറിഞ്ഞിരുന്നില്ല. ഞങ്ങൾ ഒരുമൈലോളം ആ കാട്ടുപാതയിലൂടെ താഴേക്കു പോയി. ആരും ഒരു ചെറിയ ശബ്ദംപോലും ഉണ്ടാക്കിയില്ല. അതു തികച്ചും അഴകുള്ളൊരു മൃഗമായിരുന്നു. സൗകുമാര്യമാർന്ന ചുണയുള്ള ജീവി. ഞങ്ങളുടെ മുന്നിലായി ഒരു ചെറിയ അരുവിയുണ്ടായിരുന്നു. അവിടെയെത്തിയപ്പോൾ അവനെ ഭയപ്പെടുത്താതിരിക്കാൻ അയാൾ സൗമ്യമായ ഒരഭിവാദനം മന്ത്രിച്ചു. അവൻ ചുറ്റും നോക്കിയില്ല, അതു സമയം നഷ്ടപ്പെടുത്തുകയേയുള്ളൂ എന്നു കരുതുന്നതുപോലെ തോന്നി. എന്നാൽ ഒറ്റ ഓട്ടത്തിന് നിമിഷങ്ങൾക്കകം അവൻ അപ്രത്യക്ഷനായി. എങ്കിലും അനല്പമായ സമയത്തേക്ക് ഞങ്ങൾ സുഹൃത്തുക്കളായിരുന്നു.

താഴ്‌വര ഓറഞ്ചുപുഷ്പങ്ങളുടെ ഗന്ധം നിറഞ്ഞതായിരുന്നു. പ്രത്യേ

# മനുഷ്യരിങ്ങനെ വഴിതെറ്റിപ്പോകുന്നത് എന്തുകൊണ്ടാണ്?

കിച്ച് അതിരാവിലെയും വൈകുന്നേരവും ആ ഗന്ധം അന്തരീക്ഷമാകെ നിറഞ്ഞുനിന്നിരുന്നു. മുറിയിൽ, താഴ്‌വരയിൽ, ഭൂമിയുടെ എല്ലാ മൂലയിലും ആ ഗന്ധം ഉണ്ടായിരുന്നു. പുഷ്പങ്ങളുടെ ദേവൻ ആ താഴ്‌വരയെ അനുഗ്രഹിച്ചിരുന്നു. വേനലിൽ കടുത്ത ചൂടുണ്ടാക്കേണ്ടതാണ്. അത് അതിന്റെ സവിശേഷതയാണ്. വർഷങ്ങൾക്കുമുമ്പ് അയാൾ അവിടെ ചെന്നപ്പോൾ അവിടെ വിസ്മയകരമായ ഒരു അന്തരീക്ഷമായിരുന്നു. അത്രയുമില്ലെങ്കിലും ഇപ്പോഴും ആ അന്തരീക്ഷം അവിടെയുണ്ട്. മനുഷ്യർ മിക്കകാര്യങ്ങളും എന്ന പോലെ അതും നശിപ്പിക്കുകയാണ്. അത് പഴയതുപോലെതന്നെ ആയിത്തീരും. ഒരു പൂ കൊഴിഞ്ഞുപോയേക്കാം. എന്നാൽ അത് അതിന്റെ മുഴുവൻ അഴകോടുംകൂടെ തിരിച്ചുവരും.

നിങ്ങൾ എന്നെങ്കിലും, മനുഷ്യരിങ്ങനെവഴിതെറ്റിപ്പോകുന്നത്, ദൂഷിതരാകുന്നത്, സ്വഭാവത്തിൽ മര്യാദരഹിതരാവുന്നത്, അക്രമം, ഹിംസ, വഞ്ചന മുതലായവയുള്ളവരാകുന്നത് എന്തു കൊണ്ടാണെന്ന് നിങ്ങൾ എന്നെങ്കിലും ചിന്തിച്ചിട്ടുണ്ടോ? സാഹചര്യത്തെയും സംസ്കാരത്തെയും മാതാപിതാക്കളെയും പഴിക്കുന്നതിൽ കാര്യമില്ല. എന്തെങ്കിലും സംഭവങ്ങളിലോ അന്യരിലോ ഈ അധഃപതനത്തിന്റെ ഉത്തരവാദിത്വം ചുമത്താൻ നാം ആഗ്രഹിക്കുന്നു. വിശദീകരണങ്ങളും കാരണങ്ങളും രക്ഷപ്പെടാനുള്ള കുറുക്കുവഴിയാണ്. പുരാതനഹിന്ദുക്കൾ അതിനെ കർമ്മമെന്ന്, വിതച്ചതിന്റെ വിളവെടുപ്പെന്ന് വിളിച്ചു. മനശ്ശാസ്ത്രജ്ഞന്മാർ പ്രശ്നം മാതാപിതാക്കളുടെ മടിയിലേക്കിടുന്നു. മതവിശ്വാസികളെന്നു വിളിക്കപ്പെടുന്നവർ അവരുടെ തത്വങ്ങളിലും വിശ്വാസങ്ങളിലും അധിഷ്ഠിതമായി സംസാരിക്കുന്നു. എന്നാൽ ചോദ്യം പിന്നെയും അവശേഷിക്കുന്നു.

എന്നാൽ ജന്മനാ വിശാലമനസ്കരും കാരുണ്യവാന്മാരും ഉത്തരവാദിത്വബോധമുള്ളവരുമായി ചിലരുണ്ട്. അവർ സാഹചര്യങ്ങൾകൊണ്ടോ സമ്മർദ്ദങ്ങൾകൊണ്ടോ മാറുന്നില്ല. അവർ എല്ലാ ആവലാതികളെയും അതിജീവിച്ച് അതേപോലെ തന്നെ തുടരുന്നു. എന്തുകൊണ്ട്?

വിശദീകരണമൊക്കെയും തികച്ചും അപ്രസക്തമാണ്. എല്ലാ വിശദീകരണങ്ങളും രക്ഷപ്പെടാനുള്ള ശ്രമമാണ്, "ഏതൊന്നാണോ ഉള്ളത്" (what is) അതിന്റെ യാഥാർത്ഥ്യത്തെ ഒഴിവാക്കാനുള്ള ശ്രമം. ഇതാണു പരിഗണിക്കേണ്ട ഏക കാര്യം. വിശദീകരണങ്ങൾക്കും കാരണം തേടലുകൾക്കും വേണ്ടി പാഴാക്കുന്ന ഊർജ്ജം ഉപയോഗിച്ച് "ഏതൊന്നാണോ ഉള്ളത്" അതിനെ സമഗ്രമായി പരിണമിപ്പിക്കാൻ കഴിയും. കാലത്തിലോ വിശ്ലേഷണത്തിലോ പശ്ചാത്താപങ്ങളിലോ പ്രത്യാരോപണങ്ങളിലോ ഒന്നും സ്നേഹം ഇല്ല. പണത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടിയുള്ള മോഹവും അഹത്തിന്റെ കപടസൂത്രങ്ങളും ഇല്ലാത്തിടത്താണ് അതുള്ളത്.

*ഡയറിക്കുറിപ്പ് - 17 സെപ്തംബർ 1973* ■

# സ്വാതന്ത്ര്യം പുറമേയാണോ? അതോ അകത്തോ?

ചോദ്യം : എന്താണ് സ്വാതന്ത്ര്യം?

കൃഷ്ണമൂർത്തി: പല തത്വചിന്തകരും സ്വാതന്ത്ര്യത്തെക്കുറിച്ച് എഴുതിയിട്ടുണ്ട്. നാം സ്വാതന്ത്ര്യത്തെക്കുറിച്ച് സംസാരിക്കുന്നു. ഇഷ്ടമുള്ള പുരുഷനെയോ സ്ത്രീയെയോ സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം; ഇഷ്ടമുള്ള പുസ്തകം വായിക്കാനുള്ള സ്വാതന്ത്ര്യം; അല്ലെങ്കിൽ ഒന്നും വായിക്കാതിരിക്കാനുള്ള സ്വാതന്ത്ര്യം. നാം സ്വതന്ത്രരാണ്, ആ സ്വാതന്ത്ര്യംവച്ച് നാം എന്താണ് ചെയ്യുന്നത്? നമ്മെ സ്വയം ആവിഷ്ക്കരിക്കാൻ, നമുക്ക് ഇഷ്ടമുള്ളത് ചെയ്യാൻ നാം ആ സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തുന്നു. സാമൂഹികാചാരങ്ങളിൽ കൂടുതൽ കൂടുതൽ സ്വാതന്ത്ര്യം നൽകപ്പെടുന്നു. ഇന്ന് തുറന്ന പാർക്കിലോ പൂന്തോട്ടത്തിലോ ലൈംഗികബന്ധം ആകാമത്രെ!

നമുക്ക് എല്ലാത്തരം സ്വാതന്ത്ര്യവും ഉണ്ട്. അതുവെച്ച് നാം എന്താണ് ചെയ്തത്? എവിടെ തിരഞ്ഞെടുക്കൽ ഉണ്ടോ അവിടെ സ്വാതന്ത്ര്യമുണ്ടെന്നാണ് നാം കരുതുന്നത്. എനിക്ക് ഇറ്റലിയിലേക്കോ ഫ്രാൻസിലേക്കോ പോകാം - എന്നാൽ ഈ തിരഞ്ഞെടുക്കൽ സ്വാതന്ത്ര്യമാകുമോ? നമുക്ക് തിരഞ്ഞെടുക്കേണ്ടതായി വരുന്നത് എന്തുകൊണ്ടാണ്? നമുക്ക് വ്യക്തതയുണ്ടെങ്കിൽ, ശരിയായി ദർശിക്കുന്നുവെങ്കിൽ അവിടെ തിരഞ്ഞെടുപ്പില്ല; അതിൽ നിന്നും ശരിയായ പ്രവർത്തനം ഉണ്ടാകുന്നു. സംശയവും തീർച്ചക്കുറവും ഉണ്ടാകുമ്പോഴാണ് നാം തിരഞ്ഞെടുക്കാൻ തുടങ്ങുന്നത്. അതുകൊണ്ട് തിരഞ്ഞെടുപ്പ് — ഇത് പറയുന്നതിൽ എന്നോട് ക്ഷമിക്കുക — സ്വാതന്ത്ര്യത്തിന് തടസ്സമാകുന്നു.

സർവ്വാധിപത്യരാജ്യങ്ങളിൽ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരിക്കുന്നു. കാരണം സ്വാതന്ത്ര്യം മനുഷ്യരുടെ നാശത്തിന് വഴിവെക്കുമെന്ന ആശയമാണ് അവർക്ക്. അതി

## വാർഷികസമ്മേളനം 2014

കൃഷ്ണമൂർത്തി ഫൗണ്ടേഷന്റെ വാർഷികസമ്മേളനം (KFI Gathering 2014) നവംബർ 20-ാം തീയതിമുതൽ 23-ാം തീയതി വരെ പൂനെ ഡിസ്ട്രിക്റ്റിലുള്ള സഹ്യാദ്രി സ്കൂളിൽ നടക്കുന്നതാണ്. മനോഹരമായ സഹ്യാദ്രി കുന്നുകളുടെ മുകളിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്.

വ്യക്തിയെ തന്റെ ആഴങ്ങളിലേക്ക് ഇറങ്ങി ചെല്ലാനും തന്നെ അലട്ടുന്ന അടിസ്ഥാന പ്രശ്നങ്ങളെ മനസ്സിലാക്കുവാനും ഒരു സന്ദർസനം ഒരുക്കുകയാണ് ഈ ഒത്തുചേരലിന്റെ ഉദ്ദേശം. പ്രഭാഷണങ്ങൾ, ചർച്ചകൾ, കൃഷ്ണമൂർത്തിയുടെ വീഡിയോ പ്രദർശനങ്ങൾ എന്നിവ ഈ സമ്മേളനത്തിന്റെ ഭാഗമായിരിക്കും.താൽപര്യമുള്ള ആർക്കുവേണമെങ്കിലും ഇതിൽ പങ്കെടുക്കാവുന്നതാണ്.

വിശദവിവരങ്ങൾക്ക് എഴുതുക:

Krishnamurti Study Centre, Sahyadri P.O., Tiwai Hills, Rajaguru Nagar, Pune - 410513. E-mail : kfisahyadri.study@gmail.com

# സ്വാതന്ത്ര്യം പുറമേയാണോ? അതോ അകത്തോ?

നാൽ അവർ നിയന്ത്രിക്കുന്നു. അടിച്ചമർത്തുന്നു. പിന്നെ സംഭവിക്കുന്നതെന്തെന്ന് നിങ്ങൾക്കറിയാമല്ലോ. അതുകൊണ്ട് എന്താണ് സ്വാതന്ത്ര്യം? അത് തിരഞ്ഞെടുപ്പിനെ ആശ്രയിച്ചിരിക്കുകയാണോ? നമുക്ക് തോന്നുന്നത് അതേപോലെ പ്രവർത്തിക്കലാണോ? ചില മന:ശാസ്ത്രജ്ഞർ പറയുന്നത് നിങ്ങൾക്ക് എന്തെങ്കിലും തോന്നിയാൽ അത് നിയന്ത്രിക്കുകയോ അടിച്ചമർത്തുകയോ പിൻതിരിയുകയോ ചെയ്യാതെ അപ്പോൾത്തന്നെ പ്രാവർത്തികമാക്കണം എന്നാണ്. അത് നമ്മൾ വളരെ ഭംഗിയായി ചെയ്യുന്നുണ്ടുതാനും. ഇതിനെയും സ്വാതന്ത്ര്യം എന്ന് വിളിക്കുന്നു. ബോംബ് എറിയുന്നതും സ്വാതന്ത്ര്യമാണോ? നാം നമ്മുടെ സ്വാതന്ത്ര്യത്തെ എന്താക്കി ചുരുക്കിയിരിക്കുന്നു എന്ന് നോക്കൂ!

സ്വാതന്ത്ര്യം പുറമെയാണോ? അതോ അകത്തോ? നാം എവിടെയാണ് അത് തിരയാൻ തുടങ്ങുന്നത്? നിങ്ങളുടെ ഇഷ്ടത്തിന് എന്തും പ്രാവർത്തികമാക്കുന്ന വ്യക്തിസ്വാതന്ത്ര്യം പുറംലോകത്താണോ തിരയേണ്ടത്? അതോ അത് ആന്തരികാമായി തുടങ്ങി വിവേകത്തോടെ ബാഹ്യമായി ആവിഷ്ക്കരിക്കപ്പെടുമോ? എന്റെ ചോദ്യം നിങ്ങൾക്ക് മനസ്സിലാകുന്നുണ്ടോ? ആന്തരികമായി ഒരു തരം കലക്കങ്ങളും ഇല്ലാതിരിക്കുമ്പോഴാണ് സ്വാതന്ത്ര്യം ഉണ്ടാകുന്നത്. ഞാൻ മാനസികമായും മതപരമായും ഒരുതരം കെണിയിലും അകപ്പെടാതിരിക്കുമ്പോൾ, ഒരു പാട് കെണികളുണ്ട്. ഗുരുക്കന്മാർ, രക്ഷകർ, മതപ്രചാരകർ, നല്ല പുസ്തകങ്ങൾ, മനശാസ്ത്രജ്ഞർ, മനോരോഗചികിത്സകർ— ഇതെല്ലാം കെണികളാണ്. ഞാൻ കുഴങ്ങിയിരിക്കുമ്പോൾ, ക്രമരഹിതമായിരിക്കുമ്പോൾ സ്വാതന്ത്ര്യത്തെക്കുറിച്ച് സംസാരിക്കുന്നതിന് മുമ്പ് ആ ക്രമരാഹിത്യത്തിൽ നിന്ന് സ്വതന്ത്രനാകേണ്ടതില്ലേ? എന്റെ ഭാര്യയോട്, ഭർത്താവിനോട്, മറ്റൊരാളോട് എനിക്ക് ബന്ധമില്ലാതെ വരുമ്പോൾ — കാരണം നമ്മുടെ ബന്ധങ്ങൾ മനോചിത്രങ്ങളെ ആശ്രയിച്ചിരിക്കുന്നു--അവിടെ സംഘർഷമുണ്ടാകുന്നു. എവിടെ വിഭജനമുണ്ടോ അവിടെ സംഘർഷം അനിവാര്യമാണ്. അതുകൊണ്ട് ഞാൻ ഇവിടെനിന്ന്, എന്റെ മനസ്സിൽ നിന്ന് തുടങ്ങണമല്ലോ? എന്റെ മനസ്സിൽ, ഹൃദയത്തിൽ നിക്ഷിപ്തമായി എല്ലാ ഭയത്തിൽനിന്നും വ്യാകുലതയിൽനിന്നും നിരാശയിൽനിന്നും മാനസികക്രമം തെറ്റലുകൾ ഉണ്ടാക്കിയ മുറിവുകളിൽനിന്നും പൂർണ്ണമായും സ്വതന്ത്രമാകേണ്ടേ? അതെല്ലാം അവനവനുവേണ്ടി നിരീക്ഷിച്ച് അതിൽനിന്ന് മുക്തമാവുക.

നമുക്ക് അതിനുള്ള ഊർജ്ജം ഇല്ലാത്തതുപോലെ കാണപ്പെടുന്നു. ഊർജ്ജത്തിനായി നാം മറ്റുള്ളവരെ സമീപിക്കുന്നു. മനശാസ്ത്രജ്ഞനോട് സംസാരിച്ച്, കുറ്റസമ്മതം ചെയ്ത് നാം ആശ്വാസം ലഭിക്കുന്നു. എപ്പോഴും മറ്റാരെയോ ആശ്രയിക്കുന്നു. ഈ ആശ്രിതത്വം അനിവാര്യമായും സംഘർഷവും അവ്യവസ്ഥയും ഉളവാക്കുന്നു. അതുകൊണ്ട് സ്വാതന്ത്ര്യത്തിന്റെ ആഴവും മഹത്വവും നാം മനസ്സിലാക്കണം. നാം ഏറ്റവും അടുത്തതിൽനിന്നും, അവനവനിൽനിന്നും തുടങ്ങണം. പൂർണ്ണമായ വ്യവസ്ഥയുള്ളപ്പോൾ സ്വാതന്ത്ര്യത്തിന്റെ മഹത്വം, യഥാർത്ഥമായ സ്വാതന്ത്ര്യം, അതിന്റെ അന്തസ്സ്, സൗന്ദര്യം അവനവനിൽ നിലകൊള്ളുന്നു. നാംതന്നെ നമുക്ക് വെളിച്ചമാകുമ്പോൾ മാത്രമാണ് ആ വ്യവസ്ഥ വന്നെത്തുന്നത്.

*ക്വസ്റ്റ്യൻസ് ആൻഡ് ആൻസർസ്*
*എന്ന പുസ്തകത്തിൽ നിന്ന്* ■


**Statement about ownership and other particulars of Jeevitha Yatra**

**FORM IV**

| | |
|---|---|
| 1. Place of publication | Krishnamurti Foundation India<br>Vasanta Vihar<br>124, 126 Greenways Road<br>Chennai 600 028 |
| 2 Periodicity of publication | Once in four months<br>(September, January, and May) |
| 3. Printer's name | N. Subramanian |
| Whether citizen of India | Yes |
| Address | Sudarsan Graphics Offset Press<br>27 Neelakanda Mehta Street<br>T.Nagar, Chennai - 600 017 |
| 4. Publisher's name | Dr. V. Aravind |
| Whether citizen of India | Yes |
| Address | Krishnamurti Foundation India<br>Vasanta Vihar<br>124, 126 Greenways Road<br>Chennai 600 028. |
| 5. Editor's Name | K. Krishnamurthy |
| Address | Krishnamurti Foundation India<br>Vasanta Vihar<br>124, 126 Greenways Road<br>Chennai - 600 028 |
| 6. Name and address of individuals who own the newspaper and partners or shareholders holding more than one percent of the total capital. | Krishnamurti Foundation India<br>Vasanta Vihar<br>124,126 Greenways Road<br>Chennai 600 028 |

I, Dr. V. Aravind, hereby declare that the particulars given are true to the best of my knowledge and belief.

Sd/-
(V. Aravind)

*Published in September, January and May*
*Registered with the Registrar of Newspaper for India under No. TNMAL/2005/17822*

Periodical



*In undelivered please return to :*
KRISHNAMURTI FOUNDATION INDIA
Vasanta Vihar, 124,126 (Old 64,65) Greenways Road
Chennai-600 028. Tel. : 24937803 / 596
E-mail : publications@kfionline.org
Websites : www.kfionline.org / www.jkrishnamurti.org



*Published by Dr. V. Aravind on behalf of the Krishnamurti Foundation India, Vasanta Vihar, 124, 126 Greenways Road, Chennai–600 028.*
*Printed by N. Subramanian at Sudarsan Graphics Offset Press, 27 Neelakanta Mehta Street, T'Nagar, Chennai–600 017. Editor: K. Krishnamurthy*